പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5381 23.05.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി ജീവനക്കാർ വിദേശത്ത് ജോലി നോക്കുന്നതിന് മാനദണ്ഡങ്ങൾ**

ചോദ്യം
ശ്രീ. അൻവർ സാദത്ത്

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ജോലി നോക്കുന്ന ജീവനക്കാർ വിദേശത്ത് പോകുന്നതിനും അവിടെ ജോലി നോക്കുന്നതിനും കോർപ്പറേഷന്റെ എന്തെല്ലാം മാന ദണ്ഡങ്ങൾ പാലിക്കണമെന്നത് സംബന്ധിച്ച വിശദ വിവരങ്ങൾ നൽകാമോ; | (എ) | കെ.എസ്.ആർ. പാർട്ട് I അപ്പന്റിക്സ്-XII-A പ്രകാരം സർക്കാർ അനുശാസിച്ചിട്ടുള്ള നിയമങ്ങൾക്ക് അനുസൃതമായി പരമാവധി 20 വർഷം വരെ ശൂന്യ വേതനാവധി അനുവദിച്ച് വിദേശത്ത് ജോലി സ്വീകരിച്ച് അവിടെ തുടരുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. പുന:പ്രവേശനത്തിന് ശേഷം വിദേശത്ത് ചിലവഴിച്ച കാലയളവ് ഗ്രേഡ് പ്രൊമോഷൻ നിയമം അനുസരിച്ച് പരിഗണിക്കുകയും ഇല്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. ആര്യനാട് ഡിപ്പോയിൽ ഡിപ്പോ ഇൻസ്പെക്ടറായി ജോലി നോക്കുന്ന റ്റി. സുരേഷ് കുമാർ സർവ്വീസ് കാലാവധിയിൽ വിദേശത്ത് പോയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് കോർപ്പറേഷനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ;ഇതിന് കോർപ്പറേഷൻ അനുമതി നൽകിയിട്ടുണ്ടോ;ഇതിന്റെ വിശദാംശം നൽകാമോ; | (ബി) | ആര്യനാട് ഡിപ്പോയിൽ ഇൻസ്പെക്ടറായി ജോലി നോക്കുന്ന റ്റി.സുരേഷ്കുമാറിന്റെ സർവ്വീസ് ബുക്ക് പരിശോധിച്ചതു പ്രകാരം ടിയാൻ വിദേശത്ത് പോയതായി രേഖപ്പെടുത്തിയിട്ടില്ല. ടിയാൻ വിദേശത്ത് പോകുന്നതിനായി കെ.എസ്.ആർ.ടി.സി അനുമതി നൽകുകയോ, ടിയാൻ വിദേശത്ത് പോകുന്ന വിവരം കെ.എസ്.ആർ.ടി.സിയെ രേഖാമൂലം അറിയിക്കുകയോ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ടി. സുരേഷ് കുമാർ കെ.എസ്.ആർ.ടി.സിയെ രേഖാമൂലം അറിയിക്കാതെ ജോലിക്കായി വിദേശത്ത് പോകുകയും തിരികെ തെറ്റായ രേഖ ഹാജരാക്കി പ്രസ്തുത കാലയളവ് വേതന രഹിത അവധിയാക്കി മാറ്റി പ്രമോഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നേടിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഈ ഉദ്യോഗസ്ഥന് എതിരെ എന്ത് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്;ഇല്ലെങ്കിൽ ഇതിന് കാരണം എന്താണ്; | (സി) | റ്റി.സുരേഷ്കുമാർ ഇൻസ്പെക്ടറിന്റെ സർവ്വീസ്ബുക്ക് പ്രകാരം ടിയാൻ വിദേശത്ത് പോയതായി രേഖപ്പെടുത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി. വിജിലൻസ് സെക്ഷന്റെ വി.എൽ.എ 1/14210/09 തീയതി 27.09.2012 പ്രകാരം ടിയാൻ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 17.10.2007 മുതൽ 12.10.2008 വരെയുള്ള കാലയളവ് ശൂന്യവേതന അവധിയായി ക്രമീകരിച്ച് നൽകിയിട്ടുണ്ട്. ടിയാന് 04.06.15-ന് സ്റ്റേഷൻ മാസ്റ്ററായും, 21.06.16 മുതൽ ഇൻസ്പെക്ടറായും പ്രമോഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ടിയാൻ കെ.എസ്.ആർ.ടി.സി.യുടെ സെൻട്രൽ യൂണിറ്റിൽ ആയിരുന്നു. |
| (ഡി) | സാമ്പത്തിക ബാദ്ധ്യത ഉള്ള കോർപ്പറേഷനിൽ ജീവനക്കാരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന ഇത്തരം ഗുരുതരമായ വീഴ്ചകൾ ഇനിയും ഉണ്ടാകാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (ഡി) | അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവർക്കും അനുമതിയില്ലാതെ വിദേശത്ത് പോകുന്നവർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 30 ദിവസം വരെയുള്ള കേസുകൾ ലീവ് റെഗുലറൈസേഷൻ സെല്ലിൽ മെറിറ്റ് പ്രകാരം നടപടി സ്വീകരിക്കുന്നതിനും, 31 നും 89 നും ദിവസങ്ങൾക്ക് ഇടയിലുള്ള കേസുകൾ ലീവ് റെഗുലറൈസേഷൻ സെല്ലിൽ നിന്നും വിജിലൻസ് സെക്ഷനിൽ നൽകി ആബ്സന്റ് റിപ്പോർട്ട് ഇല്ലായെന്ന് ഉറപ്പുവരുത്തി റെഗുലറൈസേഷൻ സെല്ലിൽ നടപടി സ്വീകരിക്കേണ്ടതും, മറിച്ചാണെങ്കിൽ വിജിലൻസ് സെക്ഷനിൽ നിന്നും നിയമാനുസൃത നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിനും, 89 ദിവസത്തിനു മുകളിൽ 3 വർഷം വരെയുള്ള കേസുകൾ വിജിലൻസ് സെക്ഷനിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും 3 വർഷത്തിനു മുകളിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ജീവനക്കാർക്ക് അടിയന്തിരമായി ഹാജരാകണമെന്ന് നിർദ്ദേശിച്ച് നോട്ടീസ് നൽകിയിട്ടും ഹാജരാകാത്തവരെ ലീവ് റെഗുലറൈസേഷൻ സെല്ലിൽ നിന്നും നിയമാനുസൃതം പാലിക്കേണ്ട കീഴ്വഴക്കങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുന്നതിനും കോർപ്പറേഷൻ ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**